**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4757

26.06.2019 ൽ മറുപടിയ്ക്ക്

## നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പുനർവിഭജനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ :** | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്തെ നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പുനർവിഭജനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാദ്ധ്യതാ പട്ടിക ലഭ്യമായതിനു ശേഷം |

| | | | |
|---|---|---|---|
| | | | മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (ബി) | നിലവിലെ ഏതെങ്കിലും പഞ്ചായത്തുകളെ നഗരസഭയാക്കുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ; | (ബി) | നിലവിലെ ഗ്രാമ പഞ്ചായത്തുകളെ പരിവർത്തനാത്മക നഗര പ്രദേശമായി മാറ്റുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗ്രാമ പഞ്ചായത്തുകളെ നഗരസഭയാക്കി മാറ്റേണ്ട സാഹചര്യം നിലവിലില്ലായെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും രൂപീകരിച്ച അഞ്ചംഗ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | സ്വയംപര്യാപ്തമല്ലാത്ത നഗരസഭകളെ ഗ്രാമപഞ്ചായത്താക്കുന്നതിന് പദ്ധതിയുണ്ടോ; അത്തരത്തിൽ മാറ്റം വരുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നഗരസഭകളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ